**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **10/08/2017 ൽ**
**നിയമസഭാ ചോദ്യം നമ്പർ :1339** | **മറുപടിയ്ക്ക്**

**കശുവണ്ടിപ്പരിപ്പിന്റേയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടേയും വിൽപ്പന**

**ചോദ്യം**

**ശ്രീമതി.പി.അയിഷാ പോറ്റി**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ആഭ്യന്തര വിപണിയിൽ കശുവണ്ടി പ്പരിപ്പിന്റേയും മൂല്യവർദ്ധിത ഉൽപ്പന്ന ങ്ങളുടേയും വിൽപ്പന വിപുലമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദ മാക്കുമോ ; | (എ) | വിവിധ ഗ്രേഡിലുള്ള പ്ലെയിനും, റോസ്റ്റഡ് പരിപ്പുകളും കൂടാതെ മൂല്യ വർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ പൗഡർ, ബിറ്റ്സ്, സൂപ്പ്, കാഷ്യൂ വിറ്റ, ചോക്കോ കാജു,മിൽക്കികാജു തുടങ്ങിയ സി.ഡി.സി. ബ്രാൻഡുകൾ വിതരണക്കാർ വഴിയും ഫ്രാഞ്ചൈസി വഴിയും കച്ചവടം നടത്തി വരുന്നു. |
| (ബി) | കശുവണ്ടിപ്പരിപ്പിന്റെ കയറ്റുമതി വർദ്ധിപ്പി ക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് ; | (ബി) | അന്താരാഷ്ട്ര മാർക്കറ്റുമായി താരതമ്യം ചെയ്യുമ്പോൾ എക്സ്പോർട്ട് വില ആഭ്യന്തര വിലയേക്കാൾ കുറവാണ്. എന്നിരുന്നാലും ജപ്പാനിലേയ്ക്കും യു.എ.ഇ.ലേയ്ക്കും എക്സ്പോർട്ട് ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. ഇതിനകം 30 മെട്രിക് ടൺ കശുവണ്ടിപ്പരിപ്പ് കയറ്റി അയച്ചിട്ടുണ്ട്. കാപെക്സ് തുടർച്ചയായി കശുവണ്ടിപ്പരിപ്പ് കയറ്റുമതി ചെയ്തു വരുന്നു. തുടർച്ചയായി പരിപ്പ് കയറ്റുമതി ചെയ്യുന്നതിനുള്ള അംഗീകാരമായി കാപെക്സിന് "One Star Export House" എന്ന പദവി ലഭിച്ചിട്ടുണ്ട്. |
| (സി) | ഗുണനിലവാരമില്ലാത്ത കശുവണ്ടിപ്പരിപ്പ് കേരളത്തിലേക്ക് വരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | ഗുണനിലവാരമില്ലാത്ത കശുവണ്ടിപ്പരിപ്പ് കേരളത്തിലേക്ക് വരുന്നത് തടയുന്ന തിനായി കസ്റ്റംസ് & സെൻട്രൽ എക്സൈസ് ഡിപ്പാർട്ടുമെന്റിന് അറിയിപ്പ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**